; Release(Malayalam) of File DOA/A2/2627/UG ADMISSION/2026-27 Approved by Deputy Registrar (DOA) on 17-Jul-2026 10:26 AM - Page 1

KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

(ഡി ഒ എ )

DOA/A2/2627/UG ADMISSION/2026-27 തീയതി: 17.07.2026

പ്രസിദ്ധീകരണത്തിന്

FYUGP / FYIMP പ്രവേശനം- SC/ST/PwBD സ്പെഷ്യൽ അലോട്ട്മെൻറ്

കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കും, പഠനവകുപ്പുകളിലെ അഞ്ച് വർഷ ഏകീകൃത ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും SC/ST/PWBD വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ അലോട്ട്മെന്റ് 21/07/2026 ന് നടത്തുന്നതാണ്.

SC/ST/PwBD വിഭാഗത്തിൽപ്പെട്ട ഇതുവരെ അപേക്ഷിക്കാത്ത വിദ്യാർത്ഥികൾക്ക് 18/07/2026 മുതൽ 20/07/2026 വരെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ അവസരമുണ്ട്.

മേൽ പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട, നിലവിൽ അലോട്ട്മെന്റിൽ നിന്നും പുറത്തായ വിദ്യാർത്ഥികൾ സ്പെഷ്യൽ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്നതിനായി Correction/Re-consideration ഫീസ് ഇനത്തിൽ Rs. 200/- ഒടുക്കിയ രസീത് സഹിതം, ugdoa@kannuruniv.ac.in എന്ന ഐ,ഡിയിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. Correction/Re-consideration ഇനത്തിൽ ഫീസ് മുമ്പ് അടച്ച വിദ്യാർത്ഥികൾ വീണ്ടും ഫീസ് അടക്കേണ്ടതില്ല. മാനേജ്മെന്റ് ക്വാട്ട വഴി അപേക്ഷിച്ചവരെയും അലോട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്. അലോട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ എഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമായിരിക്കും. നിലവിൽ ഏതെങ്കിലും കോളേജുകളിൽ താത്കാലികമായോ സ്ഥിരമായോ പ്രവേശനം നേടിയവരിൽ ഹയർ ഓപ്ഷനുകൾ നില നിർത്തിയവരെ മാത്രം അലോട്മെന്റിന് പരിഗണിക്കുന്നതായിരിക്കും. ഇവർക്ക് ഓപ്ഷനുകൾ എഡിറ്റ് ചെയ്യാൻ സാധിക്കുകയില്ല.

ഇത് വരെ അലോട്മെന്റ് ലഭിച്ചിട്ടില്ലാത്തവരിൽ ഓപ്ഷനുകൾ മാറ്റാൻ ആഗ്രഹിക്കാത്തവരും, ഏതെങ്കിലും കോളേജുകളിൽ താത്കാലികമായോ സ്ഥിരമായോ പ്രവേശനം നേടിയവരും പുതിയതായി രജിസ്ട്രേഷൻ ചെയ്യുന്നവരുമല്ലാതെ സ്പെഷ്യൽ അലോട്ട്മെൻറിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെല്ലാം Correction/Re-consideration ഫീ ഒടുക്കേണ്ടതുണ്ട്.

സ്പെഷ്യൽ അലോട്ട്മെൻറിൽ ആദ്യമായി അലോട്ട്മെൻറ് ലഭിച്ചവർ, തങ്ങളുടെ പ്രൊഫൈലിൽ ലാഗിൻ ചെയ്ത് SBI e-pay വഴി അഡ്മിഷൻ ഫീസ് നിർബന്ധമായും അടക്കേണ്ടതാണ്. മറ്റു രീതികളിൽ ഫീസ് അടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഫീസ് അടക്കാത്തവർക്ക് ലഭിച്ച

അലോട്ട്മെൻറ് നഷ്ടമാവുന്നതാണ്. അലോട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനത്തിനായി 22.07.2026, 23.07.2026 തിയ്യതികളിൽ കോളേജുകളിൽ ഹാജരാകേണ്ടതാണ്

ആദ്യ മൂന്ന് അലോട്ട്മെൻറുകളിൽ അലോട്ട്മെൻറ് ലഭിച്ച്, ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ് അടക്കേണ്ടതില്ല.

ഹെൽപ്പ് ലൈൻ നമ്പർ - 04972766388, 04972715227
E-mail id: ugdoa@kannuruniv.ac.in
website: admissions.kannuruniversity.ac.in

Deputy Registrar (DOA)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. PRO
2. Web Manager
3. I T Cell
4. Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ

; Release(Malayalam) of File DOA/A2/2627/UG ADMISSION/2026-27 Approved by Deputy Registrar (DOA) on 17-Jul-2026 10:26 AM - Page 2